വിദ്യാഭ്യാസ വകുപ്പിലെ യു. പി. സ്കൂൾ ടീച്ചർ (മലയാളം മാധ്യമം), എൽ. പി. സ്കൂൾ ടീച്ചർ (മലയാളം മാധ്യമം) തസ്തികകളിലേയ്ക്ക് 01.10.2023-ലെ G.O.(P) No. 5/2023/SJD പ്രകാരം 4% ഭിന്നശേഷി സംവരണം ബാധകമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള 24.06.2023 തീയതിയിലെ G.O.(Ms) No. 5/2024/SJD പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിനായി 30.12.2023-ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 707/2023, 709/2023 പ്രകാരം പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുത്താതിരുന്ന Leprosy Cured (LC), Dwarfism (Dw), Acid Attack Victims (AAV), Muscular Dystrophy (Mdy); with minimum one functional arm, Autism Spectrum Disorder (Mild) [ASD (M)], Specific Learning Disability (SLD), Mental Illness (MI) (40%-70%), Multiple Disability involving above combinations എന്നീ ഭിന്നശേഷി വിഭാഗക്കാർക്ക് കൂടി മേൽ പ്രകാരമുള്ള തെരഞ്ഞെടുപ്പുകളിലേയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുന്നതിന് **25.06.2024** മുതൽ **29.06.2024** വരെ സമയം അനുവദിച്ചിട്ടുണ്ട്.

മേൽപ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്ന ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും 31.01.2024 തീയതിയ്ക്കകം നേടിയതായിരിയ്ക്കണം. വിജ്ഞാപനത്തിലെ മറ്റ് എല്ലാ വ്യവസ്ഥകളും മേൽ ഭിന്നശേഷി വിഭാഗക്കാർക്കും ബാധകമായിരിയ്ക്കുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അതാത് കാറ്റഗറികളിലേയ്ക്ക് ഇതിനോടകം (അതായത് 31.01.2024 നകം) അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വീണ്ടും അപേക്ഷ സമർപ്പിയ്ക്കേണ്ടതില്ല. ടി ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഇതിനോടകം അവരവരുടെ പ്രൊഫൈൽ മുഖേന ഡൗൺലോഡ് ചെയ്തെടുക്കുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

മേൽ പാരമർശിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗക്കാർ ഒഴികെ മറ്റ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും ഭിന്നശേഷിയിതര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും ദീർഘിപ്പിച്ച കാലാവധിയിൽ അപേക്ഷിയ്ക്കുവാൻ പാടുള്ളതല്ല. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ദീർഘിപ്പിച്ചു നൽകുന്ന സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിയ്ക്കുന്ന, മേൽ പരാമർശിച്ച വിഭാഗങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാർക്ക്, **29.06.2024** ന ശേഷം അവരവരുടെ പ്രൊഫൈൽ മുഖേന പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്.